കേൾക്കുന്നവരെ മറിച്ചുകളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കേണമെന്ന് കർത്താവിനെ സാക്ഷിയാക്കി അവരെ ഓർമ്മപ്പെടുത്തുക. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക.

2. തീമൊത്തിയോസ് 2: 14, 15

## ത്രീയേക ദൈവത്തിനു സ്തുതി.

കുവൈറ്റ് സെന്റ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയിലെ ആത്മീയ പ്രസ്ഥാനമായി, കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ നാമധേയത്തിൽ 1974 മുതൽ മാർ ബസേലിയോസ് മൂവമെന്റ് പ്രവർത്തിച്ചു വരുന്നു.കഴിഞ്ഞ 40 വർഷങ്ങളായി ഈ സംഘടന ഇടവകയുടെ എല്ലാ സംരംഭങ്ങളിലും സജീവമായി സഹകരിക്കുകയും, ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു.

**ഭരണ സമിതി.**

| | |
|---|---|
| പ്രസിഡന്റ്: | റവ. ഫാ. ജോസ് മാത്യു |
| വൈസ് പ്രസിഡന്റ് : | ശ്രീ. റ്റി. പി. പോത്തൻ |
| ട്രഷറാർ: | ശ്രീ. അനീഷ് തോമസ് |
| സെക്രട്ടറി: | ശ്രീ. ജിജി ജോൺ മടുക്കമൂട്ടിൽ |
| ജോ. സെക്രട്ടറി: | ശ്രീ. നിക്സൺ തോമസ് |
| ഓർഗനൈസിംഗ് സെക്രട്ടറി: | ശ്രീ. ലിജു ജോസഫ് |
| പ്രാർത്ഥനാ സെക്രട്ടറി: | ശ്രീ. കെ.വി. ജോൺ |
| എക്സ്–ഒഫിഷ്യോ: | ശ്രീ.. ചാക്കോ അലക്സ് |
| ഓഡിറ്റർ: | ശ്രീ. ജെറി ജോൺ കോശി |
| ഓഡിറ്റർ: | ശ്രീ. ഷിജു ജോൺ |

**മാനേജിംഗ് കമ്മറ്റി അംഗങ്ങൾ:**

ശ്രീ. ഷൈജു കുര്യൻ

ശ്രീ. ബിജു ജോർജ്ജ്

ശ്രീ. സാബു ജേക്കബ്

ശ്രീ. മനോജ് തോമസ്

ശ്രീ. വർഗ്ഗീസ് സി. കോശി

ശ്രീ. എം.സി. തോമസ്

ശ്രീ. വർഗ്ഗീസ് കെ.വി. ജോൺ

ശ്രീ. ഐസക് വർഗ്ഗീസ്

ശ്രീ. ജോസഫ് വർഗ്ഗീസ്

ശ്രീ. അനിൽ പി. ചെറിയാൻ

ശ്രീ. ജേക്കബ് പി. കോശി

ശ്രീ. മാത്യൂ വർഗ്ഗീസ്

ശ്രീ. ജോൺ ജോർജ്ജ്

ശ്രീ. കോശി ജോൺ സി.

ശ്രീ. എബി എബ്രഹാം

ശ്രീ. ഷാജി പി. അലക്സ്

ശ്രീ. ഷെറി കുര്യൻ

**ഇടവക പ്രവർത്തനങ്ങൾ**

ഇടവക തലത്തിൽ നടത്തപ്പെട്ടതായ ഹാർവെസ്റ്റ് ഫെസ്റ്റിവൽ, കൺവെൻഷൻ, ക്രിസ്തുമസ് കരോൾ, ഇടവക ദിനം, ഇടവക പെരുന്നാൾ, ഓ.വി.ബി.സ് തുടങ്ങിയ എല്ലാ സംരംഭങ്ങളിലും സംഘടനാംഗങ്ങൾ വളരെ ആത്മാർത്ഥമായി സഹകരിക്കുകയുണ്ടായി. സംഘടനയുടെ പ്രതിമാസ പ്രാർത്ഥനായോഗങ്ങൾ, പ്രതിമാസ പൊതുയോഗങ്ങൾ എന്നിവ മുടക്കം കൂടാതെ നടത്തുവാൻ ഈ പ്രവർത്തന വർഷവും സാധിക്കുകയുണ്ടായി.

തന്നാണ്ടിൽ അഭി. ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ്, അഭി. ഡോ. സെഖറിയാസ് മാർ അപ്രേം എന്നീ പിതാക്കന്മാരുടേയും, നിരവധി വൈദീകരുടേയും സാന്നിദ്ധ്യം കൊണ്ട് സംഘടന അനുഗ്രഹിക്കപ്പെടുകയുണ്ടായി.

## ക്രിസ്മസ് കരോൾ

നടപ്പു വർഷത്തിൽ മൂന്നു ഗ്രൂപ്പുകളായി തിരിച്ച് സംഘടനാംഗങ്ങളുടേയും അഭ്യുദയ കാംക്ഷികളുടേയും ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം അറിയിക്കുകയുണ്ടായി. ശ്രീ. ജോൺ ജോർജ്ജ് കരോൾ കൺവിനറായി സേവനം അനുഷ്ഠിക്കുകയുണ്ടായി

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

നടപ്പു വർഷം ഏകദേശം മുപ്പത്തിയഞ്ചു ലക്ഷത്തോളം രൂപ വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി.

## ബജറ്റ്

2013 മെയ് 24 ന സംഘടനയുടെ തന്നാണ്ടിലെ ബജറ്റ് ട്രഷറാർ ശ്രീ. അനീഷ് തോമസ് അവതരിപ്പിച്ചു. കെ.ഡി. 27455.795 വരവും കെ.ഡി. 21836.400 ചിലവും, കെ.ഡി. 5619.395 നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് പൊതുയോഗം പാസാക്കുകയുണ്ടായി.

## പരി. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയന്റെ 50)ം ഓർമ്മപ്പെരുന്നാളും, സംഘടനയുടെ 40)ം വാർഷീകവും

സംഘടനയുടെ കാവൽ പിതാവായ പരി. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 50)ം ഓർമ്മപ്പെരുന്നാളും സംഘടനയുടെ 40)ം വാർഷീകവും അതി വിപുലമായി ആഘോഷിക്കുവാൻ ഈ വർഷം ദൈവ കൃപയാൽ സാധിക്കുകയുണ്ടായി. 2014 ജനുവരി മാസം 3)ം തീയതി വെള്ളിയാഴ്ച രാവിലെ എൻ.ഇ.സി.കെ യിൽ അഭി. സെഖറിയാസ് മാർ അപ്രേം തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിൻമേൽ കുർബ്ബാനയും തുടർന്ന് നേർച്ചവിളമ്പും നടത്തുകയുണ്ടായി. . പ്രസ്തുത ദിവസം വൈകുന്നേരം അബ്ബാസ്സിയ മറീന ഹാളിൽ വച്ച് നടത്തപ്പെട്ട സംഘടനയുടെ 40)ം വാർഷീക പൊതു സമ്മേളനത്തിൽ അഭി. സെഖറിയാസ് മാർ അപ്രേം തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും കുവൈറ്റിലെ ഇന്ത്യൻ അംബാസിഡർ ബഹു.. സുനിൽ ജയിൻ സമ്മേളനം ഉത്ഘാടനം നിർവ്വഹിച്ചു. കേരള മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ്. ബഞ്ചമിൻ കോശി, മലങ്കര അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, മാധ്യമ പ്രവർത്തക ശ്രീമതി. വീണാ ജോർജ്ജ്, വെരി. റവ. ഇഞ്ചക്കാട്ട് ജോർജ്ജ് കോർ എപ്പിസ്കോപ്പ, ശ്രീ. കെ.പി കോശി, ഇടവക വികാരി റവ. ഫാ. ജോസ് മാത്യൂ, സഹവികാരി റവ. ഫാ. റെജി സി വർഗ്ഗീസ് എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു. പ്രസ്തുത ആഘോഷങ്ങൾക്ക് ജനറൽ കൺവീനർ ശ്രീ. ഡേ ജോർജ്ജ് ഫിലിപ്പ് നേതൃത്വം നൽകുകയുണ്ടായി.

**കിഡ്നി ഡയാലിസിസ് പ്രോജക്റ്റ്**

സംഘടനയുടെ കാവല്പിതാവിന്റെ 50)ം ഓർമ്മപ്പെരുന്നാളും, സംഘടനയുടെ 40)ം വാർഷീകവും പ്രമാണിച്ച്, മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിൽ പരി. കാതോലിക്കാ ബാവായുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സെന്റ്. ജോർജ്ജ് ചാരിറ്റബിൾ ഡയാലിസിസ് സെന്റർ, പുതുപ്പാടി, കോഴിക്കോട് ആയി ചേർന്ന് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും അവിടെയുള്ള 10 ഡയാലിസിസ് യൂണീറ്റിൽ അഞ്ച് എണ്ണം മാർ ബസേലിയോസ് മൂവ്മെന്റ് നൽകുവാൻ തീരുമാനിക്കുകകയും അതിന്റെ വിലയായ ഇരുപത്തിയഞ്ചു ലക്ഷം രൂപ നൽകുകയും ചെയ്തു. ശ്രീ ഷാജി വർഗീസ് പ്രോജക്റ്റ് കൺവീനറായി സേവനം അനുഷ്ഠിച്ചു.

**കൺവൻഷെൻ**

പ. വലിയ നോമ്പിനോട് അനുബന്ധിച്ച് റവ. ഫാ. വർഗ്ഗീസ് റ്റി. വർഗ്ഗീസ്, അഞ്ചൽ ന്റെ നേതൃത്വത്തിൽ 2013 മാർച്ച് മാസം 23, 24, 26 വരെ കൺവെൻഷനും 28 ന റിട്രീറ്റും നടത്തുവാൻ ഈ പ്രവർത്തന വർഷത്തിൽ സാധിക്കുകയുണ്ടായി. ശ്രീ. എബ്രഹാം സി. അലക്സ് കൺവൻഷൻ കൺവിനറായി സേവനം അനുഷ്ഠിക്കുകയുണ്ടായി.

**യാത്രയയപ്പ്**

2009 മുതൽ സംഘടനയുടെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചുകൊണ്ടിരുന്ന ഇടവക വികാരി ബഹു ജോസ് മാത്യൂ അച്ചൻ, തന്റെ കുവൈറ്റിലെ ഔദ്യോഗിക കാലയളവ് പൂർത്തിയാക്കി 2014 ജനുവരിമാസം സ്ഥലം മാറി പോയി. സംഘടന അച്ചന് വികാര നിർഭരമായ ഒരു യാത്രയയപ്പു നൽകുകയുണ്ടായി.

**നന്ദി**

സംഘടനയുടെ പ്രസിഡന്റ് പദവി അലങ്കരിക്കുകയും സംഘടനയുടെ വളർച്ച്യ്ക്കും ഉയർച്ച്യ്ക്കും ഉതകുന്ന മാർഗ്ഗ നിർദ്ദേശങ്ങളും ശക്തമായ നേതൃത്വവും നൽകിവരുന്ന വികാരി. റവ. ഫാ. ജോസ് മാത്യൂ, അസ്സോസിയേറ്റ് വികാരി റവ. ഫാ. റെജി സി. വർഗ്ഗീസ് എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ രേഖപ്പെടുത്തി കൊള്ളുന്നു. കൂടാതെ മാറി വരുന്ന ഇടവക ഭരണസമിതികൾ, ഇടവകാംഗങ്ങൾ, അഭ്യുദയ കാംക്ഷികൾ എന്നിവർ സംഘടനയ്ക്ക് നൽകിവരുന്ന സഹായ സഹകരണങ്ങൾ എടുത്തു പറയേണ്ടുന്നവയാണ്.

**സമർപ്പണം**

കാതോലിക്കാ സിംഹാസനത്തോടും, അതിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയോടും, പരിശുദ്ധ സുന്നഹദോസിനോടും, ഇടവക മെത്രാപ്പോലീത്താ തിരുമേനിയോടുമുള്ള സംഘടനയുടെ അചഞ്ചലമായ ഭക്തിയും കൂറും ആവർത്തിച്ച പ്രഖ്യാപിക്കുന്നതിനോടൊപ്പം ഇന്ത്യയുടെ കാവല്പിതാവായ മാർ തോമാ ശ്ലീഹായുടേയും, മലങ്കരയുടെ പരിശുദ്ധന്മാരായ പരുമല തിരുമേനീയുടേയും വട്ടശ്ശേരിൽ

തിരുമേനിയുടേയും, സംഘടനയുടെ കാവൽ പിതാവായ പ. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടേയും അളവറ്റ മദ്ധ്യസ്ഥതയെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും, പ. ദൈവമാതാവിന്റേയും സകല പരിശുദ്ധന്മാരുടേയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും ത്രീയേക ദൈവത്തിന്റെ കരങ്ങളിൽ സംഘടനയെ സമർപ്പിച്ചുകൊണ്ടും ഉപസംഹരിക്കുന്നു.

ഭരണ സമിതിക്കുവേണ്ടി

ജിജി ജോൺ മടുക്കമൂട്ടിൽ

സെക്രട്ടറി.